# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 538 | 26/10/2016-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ<br>,, കെ. മുരളീധരൻ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, ഹൈബി ഈഡൻ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സാമൂഹ്യ വനവൽക്കരണ മേഖലയിൽ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) സാമൂഹ്യ വനവൽക്കരണ മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. "ചന്ദനവൽക്കരണം" എന്ന പേരിൽ ചന്ദന മരങ്ങൾ അനുയോജ്യമായ വനേതര സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതിയും, നഗരപ്രദേശങ്ങൾ നേരിടുന്ന അമിതമായ പരിസരമലിനീകരണം ചെറുക്കുന്നതിനും ആഗോളതാപനത്തെ നിയന്ത്രിക്കുന്നതിനും നഗരപ്രദേശത്തെ ഹരിതാഭമാക്കുന്നതിനും ലക്ഷ്യമാക്കി "നഗരഹരിത വൽക്കരണം" എന്ന പേരിൽ ഒരു വനവൽക്കരണ പദ്ധതിയും, സംസ്ഥാനത്ത് നദീതീരങ്ങൾ നേരിടുന്ന അനിയന്ത്രിതമായ മണ്ണൊലിപ്പ് തടയുവാൻ അനുയോജ്യമായ മുള, വൃക്ഷതൈകൾ എന്നിവ നട്ടുപിടിപ്പിച്ച് തീരങ്ങളെ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതിയും ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) ഇതിനകം നടപ്പിലാക്കിയ സാമൂഹ്യ വനവൽക്കരണ പദ്ധതികളെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ? | ബി) വനം വകുപ്പ് നടപ്പിലാക്കിവരുന്ന എല്ലാ വനവത്ക്കരണ പദ്ധതികളും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധസർക്കാർ/അർദ്ധസർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ, മതസംഘടനകൾ, |

യുവജന സംഘടനകൾ, മീഡിയ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയും സഹായത്തോടെയും നടപ്പിലാക്കുന്നതിലൂടെ ടി പദ്ധതികളിൽ സോഷ്യൽ ഓഡിറ്റിംഗ് ഉറപ്പാക്കി വരുന്നുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് കൂടുതൽ ശക്തമാക്കുന്നതിന് ആവശ്യമായ നടപടികൾ വനംവകുപ്പ് സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ